**14-ാം കേരള നിയമ സഭ**
**2-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.237** **26.09.2016-ൽ മറുപടിയ്ക്ക്**

## ആരോഗ്യ സർവ്വകലാശാല ഫലപ്രഖ്യാപനം

**ചോദ്യം**

**ശ്രീ.എ.എം. ആരിഫ് :**

(എ) ആരോഗ്യ സർവ്വകലാശാല നടത്തിയ രണ്ടാം വർഷ എം.ബി.ബി.എസ്. പരീക്ഷാഫലം പ്രസിദ്ധീകരിച്ചതിലെ സാങ്കേതിക തകരാറുമൂലം വിദ്യാർത്ഥികൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സർവ്വകലാശാല എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

**ഉത്തരം**

**ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**
**(ആരോഗ്യവും, സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി)**

(എ) കേരള ആരോഗ്യ സർവ്വകലാശാലയുടെ കീഴിൽ എം.ബി.ബി.എസിന് പഠിക്കുന്ന വിദ്യാർത്ഥികളുടെ (2011, 2012, 2013 അദ്ധ്യയന വർഷങ്ങളിൽ അഡ്മിഷൻ ആയവർ) രണ്ടാം വർഷ പരീക്ഷയുടെ (ഫെബ്രുവരി 2016 ൽ നടന്നത്, 11.07.2016-ൽ പരീക്ഷാഫലം പ്രസിദ്ധീകരിച്ചത്) പരീക്ഷാഫലത്തിൽ 2012 അഡ്മിഷനായ വിദ്യാർത്ഥികളുടെ പരീക്ഷാ ഫലം മാത്രം, സാങ്കേതിക പിഴവുമൂലം റദ്ദാക്കുകയും, പിഴവുകൾ പരിഹരിച്ച് 22.08.2016 ൽ പരീക്ഷാഫലം പുന:പ്രസിദ്ധീകരിക്കുകയും ചെയ്തതായി ആരോഗ്യ സർവ്വകലാശാലാ രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്. കൂടാതെ വിദ്യാർത്ഥികൾക്ക് ടി പരീക്ഷയുടെ മാർക്ക് റീ-ടോട്ടലിംഗ് ചെയ്യുന്നതിനും ഉത്തര-ക്കടലാസിന്റെയും സ്കോർഷീറ്റിന്റെയും പകർപ്പ് ലഭിക്കുന്നതിനും അപേക്ഷിക്കുന്ന-തിനായി 26.08.2016 വരെ സമയം കൊടുക്കുകയുണ്ടായിയെന്നും, 25.08.2016 -ൽ ടി യൂണിവേഴ്സിറ്റിയുടെ ഡീൻ (മെഡിസിൻ), ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ (ക്ലിനിക്കലും, പ്രിക്ലിനിക്കലും) എന്നിവരടങ്ങിയ ഒരു പ്രത്യേക കമ്മിറ്റി യോഗം കൂടുകയും ഈ യോഗത്തിലെ തീരുമാന പ്രകാരം മാറ്റി പ്രസിദ്ധീകരിച്ച ടി പരീക്ഷാ ഫലത്തിൽ, തോറ്റ വിദ്യാർത്ഥികൾക്ക് 2-ാം വർഷ എം.ബി.ബി.എസ്. പരീക്ഷ എഴുതുന്നതിനുള്ള

അവസരം കണക്കിലെടുത്ത് ഈ പരീക്ഷ രണ്ടാഴ്ച സമയത്തേക്ക് മാറ്റി വയ്ക്കുകയും ചെയ്തിട്ടുണ്ട്.

പുതിയ പരീക്ഷാ ഫല പ്രകാരം രണ്ടാം വർഷ എം.ബി.ബി.എസ്. പരീക്ഷ ജയിച്ച വിദ്യാർത്ഥികൾക്ക്, മൂന്നാം വർഷ എം.ബി.ബി.എസ് പാർട്ട് - 1 പരീക്ഷ എഴുതുന്നതിനായി 2-ാം വർഷ പരീക്ഷയുടെ ഫല പ്രഖ്യാപനത്തിന് ശേഷം പ്രത്യേക പരീക്ഷ നടത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും, ഇതിലേക്കായി രണ്ടാം വർഷ എം.ബി.ബി.എസ് പരീക്ഷയുടെ ഫല പ്രഖ്യാപനം വേഗത്തിൽ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ആരോഗ്യ സർവ്വകലാശാല രജിസ്ട്രാർ അറിയിച്ചിട്ടുണ്ട്.

| | | |
|---|---|---|
| (ബി) | പരീക്ഷാ നടത്തിപ്പ് ഫലപ്രഖ്യാപനം തുടങ്ങിയവ കുറ്റമറ്റ രീതിയിലും കൃത്യസമയത്തും നടത്തുന്നതിന് നിർദ്ദേശം നൽകുമോ; വിശദമാക്കുമോ? | (ബി) ആരോഗ്യ സർവ്വകലാശാല പരീക്ഷകൾ കംപ്യൂട്ടർ സിസ്റ്റം വഴി ഏറ്റവും സൂക്ഷ്മമായി പരിശോധിച്ച് കുറ്റമറ്റ രീതിയിലും പരീക്ഷാഫലം കൃത്യസമയത്തും തന്നെ നടത്തുവാൻ ശ്രദ്ധിച്ച് വരുന്നുണ്ട്. ഭാവിയിൽ ഇത്തരം പിഴവുകൾ വരാതിരിക്കാനുള്ള സത്വര നടപടികൾ കൈക്കൊള്ളുന്നതാണ്. |

**സെക്ഷൻ ഓഫീസർ**